ഉത്തരം

(എ&ബി) 8-11-2012-ലെ സ.ഉ (സാധാ) നമ്പർ 1885/12/പൊ.മ.വ. പ്രകാരം മഞ്ഞനക്കാട് പാലത്തിന്റെ (Foot Bridge) നിർമ്മാണത്തിന് 2 കോടി രൂപയുള്ള ഭരണാനുമതി നൽകിയെങ്കിലും പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നതേയുള്ളൂ. ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി എത്രയും പെട്ടെന്ന് സാങ്കേതികാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

നീലേശ്വരം-കോട്ടപ്പുറം പാലം പണി

292 (1326) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നീലേശ്വരം കോട്ടപ്പുറം പാലം പണി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; ഇതിന്റെ കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റ്-ൽ ടെർമിനേറ്റുചെയ്ത് പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ഏറ്റെടുത്ത ഈ പ്രവൃത്തി ചില സാങ്കേതിക പ്രശ്നങ്ങളാൽ മന്ദഗതിയിലായി. പൈലിംഗ് ചെയ്യുന്നതിനുള്ള പോൺ, ടൂൺ (ബാർജ്) ഒരു പ്രാവശ്യം ഒഴുകി പോകുകയും പുനർനിർമ്മാണത്തിനുശേഷം അടുത്ത വെള്ളത്തിൽ താഴ്ന്ന് പോവുകയും ചെയ്തു. ഇത് പ്രസ്തുത പ്രവൃത്തിയുടെ കാലതാമസത്തിന് കാരണമായി കൂടാതെ പ്രവൃത്തിയുടെ ബില്ലിന്റെ പേമെന്റ് വൈകുന്നതും പ്രവൃത്തിയുടെ പുരോഗതിക്ക് തടസ്സമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2015, 9-ാം മാസം തീർക്കാമെന്നുള്ള ഒരു പ്രോഗ്രാം ചാർട്ട് നൽകിയിട്ടുള്ളതുകൊണ്ടും ഇപ്പോഴും പണി നടക്കുന്നതുകൊണ്ടും കരാറുകാരനെ ഒഴിവാക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ ഫ്ളൈ ഓവർ

293 (1327) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത 47-ൽ നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ അനുവദിച്ചിട്ടുള്ള മേൽപ്പാലത്തിന്റെ തറക്കല്ലിടീൽ നടത്തി ഒരുവർഷം പിന്നിട്ടിട്ടും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ ഫ്ളൈ ഓവർ നിർമ്മിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly